# അറബ് വസന്തം വിടർന്ന കെയ്‌റോ

## ഒരു വർഷത്തിനുശേഷം



**കെയ്റോ ഇടയ്ക്കിടയ്ക്ക് സന്ദർശിക്കുന്ന ലേഖിക ഐതിഹാസികമായ വിപ്ലവത്തിലൂടെ കടന്നുപോയ നഗരത്തിലെ അനുഭവങ്ങളെക്കുറിച്ച് വിവരിക്കുന്നു. നഗരമുൾപ്പെടുന്ന രാജ്യം പ്രതീക്ഷയുടെ രാഷ്ട്രീയം എങ്ങനെ നെഞ്ചിലേറ്റുന്നുവെന്നും**

■ ജി. അരുണിമ



കെയ്റോവിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ സഹപ്രവർത്തകരും സുഹൃത്തുക്കളുമൊത്തുള്ള ബൗദ്ധികമായ വിനിമയത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിരവധി തവണ ഈജിപ്ത് സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം മുതൽ കെയ്റോ നഗരത്തിന് പുതിയ അർത്ഥതലങ്ങൾ കൈവന്നതു തൊട്ട് അനന്യമായ ഉൾക്കാഴ്ചകളും അനുഭവതീവ്രതയുള്ള നിമിഷങ്ങളും നൽകുന്ന സവിശേഷസന്ദർഭങ്ങളായി എന്റെ ഓരോ സന്ദർശനവും. ഇതെനിക്ക് മാത്രമായുള്ള കാര്യമല്ലെന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. തീർച്ചയായും ഈജിപ്തിനെ നിരീക്ഷിക്കുന്ന മുഴുവൻ ലോകത്തിനും 2011 പ്രത്യേക വർഷമായിരുന്നു. ടുണീഷ്യയിലെ സംഭവവികാസങ്ങളാണ് തുടക്കമിട്ടതെങ്കിലും ജനുവരി ഇരുപത്തിയഞ്ചിന്റെ ഈജിപ്ഷ്യൻ വിപ്ലവവും തുടർന്നുള്ള പതിനെട്ടു ദിവസങ്ങളുമാണ് അറബ് വസന്തം (ഈ പ്രയോഗം മിക്ക ഈജിപ്തുകാർക്കും രുചിക്കുന്ന ഒന്നല്ല) എന്നതിന്റെ പര്യായപദമായി തീർന്നതും ലോകത്തിന്റെ ഭാവനയെ തുടർന്ന് ഉദ്ദീപിപ്പിച്ചതും.

ഏതാണ്ട് ഒരുവർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഈ വർഷം ഞാൻ ഈജിപ്ത് സന്ദർശിക്കുന്നത്. 2011-ലെ എന്റെ സന്ദർശനം തീവ്രവും അടിമുടി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചുപോന്നതുമായിരുന്നു. അത് ചിലപ്പോഴൊക്കെ വേവലാതികൾ നൽകുകയും അറബിക് പഠിക്കുകയെന്ന എന്റെ ഏറെക്കാലത്തെ അഭിലാഷത്തെ ഊട്ടിവളർത്തുകയും ചെയ്തു. ഇങ്ങനെ ഭാഷാപരമായ ഒരു വൈകല്യം ഉണ്ടെന്നിരിക്കിലും-ഇതിന്റെയൊരു പ്രത്യാഘാതം പലപ്പോഴും അങ്ങേയറ്റം പക്ഷപാതപരവും അവിശ്വസനീയവുമായ റിപ്പോർട്ടിങ്ങിനെ ആശ്രയിക്കേണ്ടിവന്നുവെന്നതാണ്-ഒരു കാര്യം വ്യക്തമായിരുന്നു. നമ്മളൊന്നും പ്രതീക്ഷിക്കുന്നതുപോലെയല്ല എല്ലായ്പോഴും സംഗതികൾ. കഴിഞ്ഞ ഏപ്രിലിൽ കെയ്റോവിന്റെ സ്വരഭേദം എന്നെ അദ്ഭുതപ്പെടുത്തി. നഗരത്തിൽ നിറയെ താഹിർ സ്ക്വയറിലെ ഗ്രൂപ്പുകളുടെയും മറ്റും പ്രതിഷേധപ്രകടനങ്ങളായിരുന്നു. നഗരത്തിൽ ചുവരെഴുത്തുകളും ബാനറുകളും നിറഞ്ഞിരുന്നു. വിപ്ലവത്തെ കമ്പോളം മുതലെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. താഹിർ സ്ക്വയർ നിറയെ ഫ്രീഡം സ്ക്വയർ ടീഷർട്ടുകളും പലവലിപ്പത്തിലുള്ള ദേശീയ പതാകകളും കാണപ്പെട്ടു.

ഇങ്ങനെയൊക്കെയെങ്കിലും ഡൽഹിയിലെ എന്റെ യൗവനകാലത്തെ ഇന്ത്യാഗേറ്റിന് വിരുദ്ധമായി ആ ഇടത്തിന്റെ കാഴ്ച എനിക്ക് സന്തുഷ്ടിയേകി. വിപ്ലവകാരികളും പ്രണയികളും ഐസ്ക്രീം കച്ചവടക്കാരും അവിടെ ഇടപഴകി. വിപ്ലവത്തിന്റെ ചരക്കുവത്കരണത്തോട് എനിക്ക് ഒരേസമയം, ഉഭയസമീപനമാണ് ഉണ്ടായിരുന്നതെങ്കിലും-സ്മാരകശേഷിപ്പുകളുടെ പാക്കേജിംഗിന് പേരുകേട്ട ഇടമല്ലേ ഈജിപ്ത്. പിന്നെയെന്തിന് പാവപ്പെട്ടവന് എളുപ്പത്തിൽ നാലുകാശുണ്ടാക്കാനുള്ള അവസരം നിഷേധിക്കണം- വിപ്ലവത്തിന് അടിവരയിട്ട ദേശീയവാദത്തിന്റെ സ്വഭാവം എനിക്ക് ഏറെ വേവലാതി ഉണ്ടാക്കി. പതിനെട്ടുദിവസത്തെ വിപ്ലവഘട്ടത്തിൽ ഉപയോഗിക്കപ്പെട്ടതും വിദേശികളോടുള്ള വളരുന്ന ശത്രുതയുടെ പ്രതീകമായി അവതരിപ്പിക്കപ്പെട്ടതുമായ ദേശീയപതാകയുടെ അസാന്നിധ്യം പ്രകടമായിരുന്നു. യാഥാർത്ഥ്യമാകാൻ ഇടയുണ്ടോ എന്നറിയില്ല, വിപ്ലവത്തിന്റെ ഭാഷ എളുപ്പത്തിൽ സങ്കുചിതദേശീയവാദത്തിലേക്ക് വഴുതിവീഴാനിടയുണ്ടെന്ന കാര്യം എന്നിൽ ഉത്കണ്ഠ നിറയ്ക്കുന്നു.

## ആശങ്കാകുലമായ സമ്പദ്വ്യവസ്ഥ

വംശീയ-മത സംഘർഷങ്ങൾ വളരാനുള്ള സാധ്യതയെക്കുറിച്ച് എപ്പോഴും വേദനയോടെ ഓർക്കുന്ന ഇന്ത്യക്കാർക്ക് ഗോചരമാകുന്ന മറ്റൊരു പ്രതിഭാസം ഈജിപ്തിലെ ഇത്തരം സംഘർഷങ്ങൾ തന്നെയാണ്. 2011-ലെ വേനൽക്കാലത്താണ് കോപ്ടിക്കുകൾക്ക് നേരെ ആക്രമണങ്ങൾ തുടങ്ങുന്നത്. ഇതൊരിക്കലും ഇന്ത്യയിലേതുപോ

ലെ ഭീഷണമായ ഒരു തോതിലായിട്ടില്ല (ലഭ്യമായ കണക്കുകൾ വെച്ച് അങ്ങനെയാകാൻ ഒരിക്കലും സാധ്യതയുമില്ല). എങ്കിലും സാമൂഹ്യവിക്ഷോഭങ്ങളുടെ സ്വാഭാവിക സമ്മർദങ്ങളുടെ അടയാളമാണവ.

2011-ലെ ശരത്കാലത്തിനൊടുവിൽ നഗരം ഊർജസ്വലമായ ശൈലി ഒട്ടൊക്കെ വീണ്ടെടുത്തു. അതുകഴിഞ്ഞു വരാനിരിക്കുന്ന തെരഞ്ഞെടുപ്പിനെ നേരിടാൻ തയാറെടുക്കുന്നതായി തോന്നിച്ചു. ആ രാജ്യത്ത് ശക്തിയാർജിക്കുന്ന തൊഴിലാളിപ്രസ്ഥാനങ്ങളുടെ ഭാവി ഏറെ ആവേശത്തോടെ വേനൽക്കാലം മുഴുവനും അതിനുശേഷവും എന്റെ സുഹൃത്തുക്കളുമായുള്ള സംഭാഷണത്തിൽ സ്ഥാനം പിടിച്ചു. വ്യക്തമായി പറഞ്ഞാൽ 2011 ജനുവരിയിലെ വിപ്ലവത്തിനുള്ള സമ്മർദം ഈ പ്രസ്ഥാനങ്ങളാണ് വർഷങ്ങൾ കൊണ്ട് ഉണ്ടാക്കിയെടുത്തത്. നമ്മുടെ രാജ്യത്തുള്ള മധ്യേഷ്യൻ നിരീക്ഷകരുടെയോ പടിഞ്ഞാറൻ മാധ്യമങ്ങളുടെയോ ശ്രദ്ധയിൽ ഇത് പെട്ടിട്ടില്ലെങ്കിലും ഇവ കൂടുതൽ ശക്തിയും പിന്തുണയും ആർജിച്ചുവരികയാണ്. ഈ പ്രസ്ഥാനങ്ങളുടെ സാധ്യതയെക്കുറിച്ച് ചുരുങ്ങിയപക്ഷം ഇംഗ്ലീഷ് സംസാരിക്കുന്നവരടങ്ങുന്ന വർഗതാല്പര്യമുള്ള സോഷ്യൽ നെറ്റ് വർക്കുകൾ അജ്ഞരായിരിക്കുന്നതിൽ എനിക്ക് അദ്ഭുതം തോന്നുന്നു. ജനുവരി വിപ്ലവത്തിനുശേഷം ഒരുപാട് കഴിഞ്ഞാണ് ഒരു ചെറുകിട പത്രത്തിന്റെ യൂട്യൂബിൽ പ്രത്യക്ഷപ്പെട്ട ഫൂട്ടേജിൽ ഇതേക്കുറിച്ച് പരാമർശമുണ്ടായത്.

എന്നിരുന്നാലും കെയ്റോവിലെ എന്റെ സുഹൃത്തുക്കളുമായുള്ള സംഭാഷണങ്ങളിൽ മാറ്റങ്ങളുടെ സങ്കീർണതയും വിഷയമായി. ഇതര നഗരങ്ങളിലേക്കുള്ള മാറ്റങ്ങളുടെ വ്യാപനവും ഗ്രാമാന്തരങ്ങളിലെ ഇവയുടെ ചലനശാസ്ത്രവും അതുപോലെ ഞങ്ങളുടെ ചർച്ചകളിൽ ഉയർന്നു. ഇസ്ലാമിക് ബ്രദർഹുഡ് പ്രസ്ഥാനത്തിന്റെ നിയോ ലിബറൽ അജണ്ടയെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് ഈ ചർച്ചകളിലൂടെ ഞാൻ നേടിയ മറ്റൊരറിവ്. വിരോധാഭാസമെന്ന് പറയട്ടെ, ഈ അജണ്ടയെ പിൻപറ്റുക വഴി ബ്രദർഹുഡ് പ്രസ്ഥാനം എതിർക്കുകയും പുറത്താക്കുകയും ചെയ്ത ഒരു ഭരണകൂടത്തിന്റെ നേരവകാശികളായി അവർ മാറുകയാണ്. സ്വാഭാവികമായും സുപ്രിം കൗൺസിൽ ഓഫ് ആംഡ് ഫോഴ്സസും മുബാറക് ഭരണകൂടവും ഭരിക്കുന്ന മുസ്ലിം ബ്രദർഹുഡും നിരവധി ഛായാഭേദങ്ങളിലുള്ള വിപ്ലവകാരികളും സംഘങ്ങളും പരസ്പരമുള്ള ബന്ധത്തെക്കുറിച്ചുള്ള ധാരണ സങ്കീർണമാക്കുകയാണ്. ഇതിനുപുറമേ നഗരങ്ങളിലും തീവണ്ടികളിലും കടകളിലുമുള്ള സാധാരണക്കാരുമായും ഫലൂക്ക ബോട്ട് തൊഴിലാളികളുമായുള്ള സംഭാഷണങ്ങളിൽ വെളിപ്പെട്ട മറ്റൊരു കാര്യം സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ആശങ്കയാണ്.

## പടരുന്ന നിരാശകൾ

കഴിഞ്ഞ സെപ്തംബറിൽ ഞാൻ സന്ദർശിച്ച ഇടങ്ങളിലെല്ലാം ജനങ്ങൾ, വിപ്ലവം രാജ്യത്തെ മർമപ്രധാനവ്യവസായത്തിൽ, ടൂറിസത്തിൽ, സൃഷ്ടിച്ച പ്രത്യാഘാതത്തെക്കുറിച്ച് പരാതിപ്പെടുന്നുണ്ടായിരുന്നു. മനസ്സില്ലാമനസ്സോടെ ടൂറിസ്റ്റായി മാറിയ അധ്യാപികയായ എനിക്ക് സംഗതികളുടെ സഹതാപകരമായ അവസ്ഥയെക്കുറിച്ച്, പ്രതിസന്ധികളുടെ വക്കത്തെത്തിയ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് ആഴത്തിൽ ബോധ്യപ്പെട്ടു. എല്ലാത്തിനുമുപരി ഉപജീവനപ്രശ്നങ്ങളും വിപ്ലവത്വരയും എപ്പോഴും ഒരുമിച്ച് വാഴില്ലെന്ന ബോധ്യവും ഒഴിവാക്കാൻ സാധ്യമല്ലാത്ത ഒന്നാണ്.

എന്റെ ഈ തോന്നലുകൾ 2011 നവംബറിൽ വീണ്ടും കെയ്റോ സന്ദർശിച്ചപ്പോൾ കൂടുതൽ ബലപ്പെട്ടു. വ്യക്തമായും സൈനികവത്കരണം മുഴുവനായും അപ്രത്യക്ഷമായിട്ടുണ്ടായിരുന്നില്ല; തെരഞ്ഞെടുപ്പ് പ്രതീക്ഷിച്ചിരിക്കുന്ന ജനതയ്ക്കാകട്ടെ അതിന്റെ ഫലദായകത്വത്തെക്കുറിച്ച് ആശ ഉണ്ടെന്നും തോന്നി. ബാലറ്റിന്റെ വിദഗ്ധ പ്രവർത്തനമായി രാഷ്ട്രീയത്തെ ഭാഗികമായി കണ്ടവരും വിപ്ലവം (നടന്നത് വിപ്ലവമോ മറ്റെന്തോ ആയിക്കൊള്ളട്ടെ) സ്വപ്നം കണ്ടവരുമായ എന്റെ സുഹൃത്തുക്കളുടെ ഈ ഉത്കണ്ഠയ്ക്ക് അവസാനമുണ്ടായിരുന്നതായി എനിക്ക് തോന്നിയില്ല. സ്വേച്ഛാധിപത്യത്തിൽനിന്ന് വിമുക്തിനേടി ഏറെക്കഴിയാത്ത ഒരു ജനതയ്ക്ക് ഇതാണോ സംഭവിക്കേണ്ടിയിരുന്നത്? ട്രേഡ് യൂണിയനുകളുടെയും സിൻഡിക്കേറ്റുകളുടെയും ദീർഘകാല ചരിത്രം ഈജിപ്തിനുണ്ടെങ്കിലും രാഷ്ട്രീയപങ്കാളിത്തം എന്ന് നാം ഓമനപ്പേരിട്ടുവിളിക്കുന്ന വോട്ടവകാശം അന്നാട്ടുകാർക്ക് അന്യമായ ഒന്നായി തോന്നുന്നു. ജനാധിപത്യത്തെ സംബന്ധിച്ച ഗൗരവമേറിയ മറ്റൊരു പ്രശ്നത്തെ മൂടിവയ്ക്കാനുള്ള ഒന്നാണ് ഈ തെരഞ്ഞെടുപ്പുകൾ എന്ന് ഞാൻ ഇപ്പോഴും വേവലാതിപ്പെടുന്നു.

തീർച്ചയായും ഇത്തരം തെരഞ്ഞെടുപ്പുകൾ നിയോലിബറൽ ഭരണവ്യവസ്ഥയുടെ മുഖപ്പുകൾ മാത്രമാണെന്ന് അവിടത്തെ എന്റെ സുഹൃത്തുക്കൾ വാദിക്കുമായിരിക്കും. ഇതുമായി ബന്ധപ്പെട്ട ഊഹങ്ങളിൽ മുഴുകാൻ എനിക്ക് താല്പര്യമില്ലെങ്കിലും ലോകത്തിന്റെ പലഭാഗങ്ങളിലും ഇതാണ് പ്രവണതയെന്നത് തർക്കമറ്റ കാര്യമാണ്

ഈ വർഷം ഒക്ടോബറിൽ ഞാൻ കെയ്പ് ടൗൺ വഴി കെയ്റോയിലേക്ക് പോയി. വിമാനത്തിൽ വല്ലാത്ത ശൂന്യത തളംകെട്ടി. ആളുകൾക്ക് നീണ്ടുനിവർന്നുകിടന്നുറങ്ങാൻ പാകത്തിൽ സീറ്റുകൾ ഒഴിഞ്ഞുകിടന്നു. പുതിയ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത് നേരെ മറിച്ചെങ്കിലും ടൂറിസം മേഖല-വാണിജ്യത്തിന്റെയും സ്ഥിതി ഇതുതന്നെയാണോ എന്ന് ആർക്കറിയാം- തളർച്ചയെ അഭിമുഖീകരിക്കുന്നതായാണ് എനിക്ക് അനുഭവപ്പെട്ടത്. ഉപരിപ്ലവമായ ഒരു വിലയിരുത്തലിൽ തന്നെ ടൂറിസ്റ്റ് പ്രവാഹം ചൈനയിലേക്കും തെക്കുകിഴക്കൻ ഏഷ്യയിലേക്കും മാറിയെന്ന് പറയാനാകും. നിക്ഷേപകരെപ്പോലെത്തന്നെ ടൂറിസ്റ്റുകൾക്കും രാഷ്ട്രീയസ്ഥിരതയുള്ള അന്തരീക്ഷം ആവശ്യമാണ്. ഞങ്ങളുടെ സമ്മേളനത്തിന്റെ ആദ്യ രണ്ടുദിനങ്ങൾ അൽ-സോഖ്നയിൽ ആയതിനാൽ ഞങ്ങൾ ചെങ്കടൽ തീരത്തേക്കാണ്



തിരിച്ചത്. കെയ്റോയിലെ മധ്യവർഗത്തിന്റെ വാരാന്ത്യ സുഖവാസകേന്ദ്രങ്ങളിലൊന്നാണ് സ്യൂസിന് സമീപത്തെ ഈ ചെറുനഗരം. ഫലത്തിൽ ഞങ്ങളുടെ ഹോട്ടൽ ജനശൂന്യമായിരുന്നു. അത് രണ്ട് സമരവേദികൾക്ക് ഇടയ്ക്കുമായിരുന്നു.

ഒരു സമരം തുറമുഖത്തൊഴിലാളികളുടേതായിരുന്നു. ഒരു സെറാമിക് ഫാക്ടറിയിലെ തൊഴിലാളി സമരമായിരുന്നു മറ്റൊന്ന്. അൽ സോഖ്നയുടെ അവസ്ഥ പ്രേതനഗര സമാനമായിരുന്നു. നഗരത്തിലെ അസാധാരണമായ ശൂന്യത അതിന്റെ രാഷ്ട്രീയജീവിതത്തിലെ സമകാലീന യാഥാർഥ്യത്തെക്കുറിച്ച് വാചാലമായി. ജനം നുരയ്ക്കുന്ന കെയ്റോവിൽ തിരിച്ചെത്തിയപ്പോൾ അൽ സോഖ്നയിലെ നിമിഷങ്ങൾ ഒരു സ്വപ്നംപോലെ തോന്നി. എങ്കിലും തലസ്ഥാനത്ത് ചുരുൾ നിവരുന്ന ഒരു നാടകത്തിലെ ഒരു സുപ്രധാനനിമിഷത്തെ അത് വ്യക്തമാക്കി. പലനിലയ്ക്കും കഴിഞ്ഞ വർഷത്തെ ആദ്യാവേശം കൂടുതൽ ജാഗരൂകമായ, ചിലപ്പോഴൊക്കെ നിരാശാദ്യോതകമായ, ഒരു കാലഘട്ടമായി തലസ്ഥാനത്തെ പലർക്കും മാറിയിരിക്കുന്നു. പലമട്ടിലുള്ള അക്രമസംഭവങ്ങളുടെ എണ്ണം ഏറിയേറിവരികയാണ്.

പുതിയ ഭരണകൂടം സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കാൻ ശ്രമിച്ചുവരികയാണ് എങ്കിലും. കെയ്റോവിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർഥി പ്രതികരണത്തെക്കുറിച്ചുള്ള വാർത്തയാണ് ഇത്തരത്തിൽ ഞാൻ കേട്ട അക്രമസംഭവങ്ങളിലൊന്ന്. നിയോഫാസിസ്റ്റുകൾ എന്ന് വിളിക്കാവുന്ന ഒരു സംഘം വിദ്യാർഥികൾ യൂണിവേഴ്സിറ്റിയെ ഒന്നാകെ ബന്ദിയാക്കി. ഇത്തരമൊരു അവസ്ഥയ്ക്ക് കാരണമായ, വിദ്യാർഥികൾക്കിടയിലോ, അധ്യാപകർക്കിടയിലോ, ജീവനക്കാർക്കിടയിലോ ഏതെങ്കിലും തരത്തിലുള്ള സംഘടനാരൂപങ്ങൾ ഉണ്ടായിരുന്നില്ലായെന്ന വസ്തുതയ്ക്ക് പുറമെ പ്രക്ഷോഭകരായ വിദ്യാർഥികളുടെ രാഷ്ട്രീയബോധമില്ലായ്മയായിരുന്നു നിരാശാജനകമായ മറ്റൊരു കാര്യം. പല നിലയ്ക്കും പ്രക്ഷോ



തിരിച്ചടി നേരിട്ട ടൂറിസം

ഭത്തിലേർപ്പെട്ട സംഘടന നമ്മുടെ എ.ബി.വി.പിയുടെയും യൂത്ത് ഫോർ ഇക്വാലിറ്റിയുടെയും (വൈ.എഫ്.ഇ) യുടെയും ഈജിപ്ഷ്യൻ സമാനരൂപമാണ്.

തെരുവിലെ ഒരു അനുഭവം പറയുകയാണെങ്കിൽ വർഷങ്ങൾക്കപ്പുറത്തേക്ക് നീളുന്ന എന്റെ കെയ്റോ സന്ദർശനാനുഭവങ്ങളിൽ ഇതാദ്യമായി ഒരു ടാക്സി ഡ്രൈവർ ഈജിപ്തുകാർ നല്ലവരാണെന്നും അടിയുറച്ച വിശ്വാസമുള്ള മുസ്ലിങ്ങൾ ആണെന്നും എനിക്ക് ഉറപ്പുതന്നു. ക്രിസ്ത്യാനികൾക്ക് ഇവിടെ സ്ഥാനമില്ലായെന്ന് ഇപ്പറഞ്ഞതുകൊണ്ട് ഞാൻ ചിന്തിക്കരുതെന്നും പാതയോരം ചേർന്നുനടക്കുന്ന ഒരു കൂട്ടം സ്കൂൾ വിദ്യാർഥിനികളെ ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞു. ശിരോവസ്ത്രം ധരിക്കാത്ത അവരിലൊരാളെ ചൂണ്ടി അയാളും അവളും നല്ല സുഹൃത്തുക്കളാണെന്നും ഡ്രൈവർ വിശദീകരിച്ചു. ഞാനും അങ്ങനെത്തന്നെയാകട്ടെ എന്ന് പ്രതികരിച്ചു. പോരാത്തതിന് ഒരേ സ്കൂളിൽ പഠിച്ചവരും.

ഇങ്ങനെയൊരു സംഭാഷണത്തിലേക്ക് ഞങ്ങളെ നയിച്ചത് എന്തെന്ന് എനിക്കറിയില്ലായിരുന്നു. ഈയിടെയായി സാമൂഹ്യമായ വിശ്വാസപ്രകടനങ്ങളുടെ കാര്യത്തിൽ രാജ്യത്തെ സലഫി സാന്നിധ്യം കൂടുതൽ നിർബന്ധം ചെലുത്തുന്നുണ്ടെങ്കിലും, മുസ്ലിമായിരിക്കുകയെന്നത് ഈജിപ്തിൽ ഒരു കാലത്തും വിഷയമായിരുന്നില്ല.

## പുതിയ ചുവരെഴുത്തുകൾ

പഴയ എ.യു.സി. ക്യാംപസിലൂടെ നടക്കുമ്പോഴും, മുഹമ്മദ് മഹ്മൂദ് തെരുവിലെ ഇപ്പോൾ സ്മാരകമായി തീർന്ന ചുവരെഴുത്തുകളും പ്രതിരോധത്തിന്റെ മറ്റുബിംബങ്ങളും ക്യാമറയിൽ പകർത്തുമ്പോഴും ഇതേ ചിന്ത എന്നിൽ പുതിയപുതിയ അദ്ഭുതങ്ങൾ ഉളവാക്കി. വിപ്ലവകാലത്തെ ചുവരെഴുത്ത് യഥാർത്ഥത്തിൽ ഇപ്പോഴത്തെ ഗവൺമെന്റ് മായ്ച്ചുകളഞ്ഞെന്നും, വിപ്ലവകാലത്തെ മുദ്രകളോടൊപ്പം ബ്രദർഹുഡ് മുദ്രാവാക്യങ്ങൾ നിറഞ്ഞ പുതിയ ആലേഖനങ്ങൾ ചുവരുകളിൽ പകരം നിറഞ്ഞെന്നും പിന്നീട് എന്റെ ഒരു സുഹൃത്ത് പറഞ്ഞു. ഈ ആലേഖനങ്ങളിൽ എന്നെ ഏറ്റവുമധികം സ്പർശിച്ചത് തൊഴിലാളിവർഗത്തിൽ നിന്നുള്ളഫുട്ബോൾ ആരാധകരായ തീവ്രവാദികൾക്കുള്ള അഭിവാദനങ്ങളായിരുന്നു. ഇവർ പതിനെട്ടുദിവസത്തെ വിപ്ലവത്തിൽ സഖ്യകക്ഷികളായിരുന്നു.

വിപ്ലവാനന്തരമാസങ്ങളിലെ പരിണതികളിൽ ഈജിപ്തിന് പൊതുവേ ആഴമുള്ള നിരാശയുണ്ടെങ്കിലും പലരും ആശ കൈവെടിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. കൂടുതൽ വിപ്ലവോന്മുഖരായ അധ്യാപകർക്കും ഡോക്ടർമാർക്കുമിടയിലൊക്കെ സമരങ്ങൾ ഇപ്പോഴും തുടരുകയാണെന്നത് സാമൂഹ്യനീതിയുടെ പുതിയ ഒരു അജൻഡ മുൻനിർത്തിയും പുതിയ ആവശ്യങ്ങളുന്നയിച്ചുമുള്ള പോരാട്ടം പുതിയ ഭരണകൂടത്തിനെതിരെയും നടന്നുവരികയാണ് എന്ന് വ്യക്തമാക്കുന്നു. ആർക്കുപറയാൻ കഴിയും മിശ്രദേശത്തെ വിപ്ലവകാരികൾ പുതിയ ബദലുകൾക്ക് ഇനിയും വഴികാട്ടില്ലെന്ന്, ആഗോള അധികാരവ്യവസ്ഥയെ പുതുക്കിപ്പണിയൽ സാധ്യമാക്കില്ലെന്ന്. ●

ജെ.എൻ.യുവിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ വനിതാപഠന കേന്ദ്രത്തിലെ അധ്യാപികയാണ് ലേഖിക